(എ) തോട്ടം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ കാലാവധി അവസാനിച്ചിട്ട് എത്ര മാസമായി എന്ന് വ്യക്തമാക്കാമോ;

(ബി) ശമ്പള പരിഷ്കരണ നടപടി എപ്പോൾ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) തോട്ടം തൊഴിലാളികളുടെ ഡി.എ. കുടിശ്ശിക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് തോട്ടങ്ങൾ അടച്ചിട്ടതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായെന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 6-3-2000-ൽ ഒപ്പുവച്ച തോട്ടം മേഖലയിലെ ദീർഘകാല കരാറിന്റെ കാലാവധി 31-3-2002-ൽ അവസാനിച്ചു.

(ബി) 31-3-2002-ൽ ദീർഘകാല കരാർ അവസാനിച്ചതിനെത്തുടർന്ന് 1-4-2002 മുതൽ പ്രസ്തുത കരാർ തങ്ങൾക്ക് ബാധകമല്ലെന്നും അതിലെ വ്യവസ്ഥകൾ റദ്ദു ചെയ്യണമെന്നും വേതനം വെട്ടിക്കുറയ്ക്കണമെന്നും ആവശ്യപ്പെട്ട് തൊഴിൽ തർക്ക നിയമപ്രകാരം തോട്ടമുടമകൾ നോട്ടീസ് നൽകുകയുണ്ടായി. ഇതു സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി സുദീർഘമായ ചർച്ചകൾ നടത്തുകയും അതിന്റെ ഫലമായി തോട്ടമുടമകളെക്കൊണ്ട് നോട്ടീസ് പിൻവലിപ്പിക്കുകയും ചെയ്തു. അതനുസരിച്ച് നിലവിലുണ്ടായിരുന്ന വേതനനിരക്കുകൾ തന്നെ 1-4-2002 മുതൽ തുടർന്നു നൽകാൻ ധാരണയായി. വേതനക്കരാർ പുതുക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി തലത്തിൽ തുടർന്നും ചർച്ച ചെയ്യുന്നതാണ്.

(സി) 1-4-2002 മുതൽ തോട്ടം മേഖലയിൽ മരവിപ്പിച്ച ഡി.എ. റബ്ബർ, ഏലം എന്നിവയുടെ വിലയിലുണ്ടായ പുരോഗതി കണക്കിലെടുത്ത്, ടി മേഖലകളിൽ 1-10-2003 മുതൽ പുനഃസ്ഥാപിക്കാൻ തീരുമാനമായിട്ടുണ്ട്. മറ്റു മേഖലകളിലും സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് തീരുമാനമുണ്ടാവും. ക്ഷാമബത്ത കുടിശ്ശിക നൽകുന്നത് സംബന്ധിച്ച് പ്ലാന്റേഷൻ ലേബർ കമ്മിറ്റി യോഗങ്ങളിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(ഡി) തോട്ടങ്ങൾ അടച്ചിട്ടതിന്റെ ഫലമായി തൊഴിൽ നഷ്ടപ്പെട്ട തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള ഏകദേശ കണക്ക് ഇപ്രകാരമാണ്:

1.	തിരുവനന്തപുരം	..	600
2.	ഇടുക്കി	..	10000
3.	വയനാട്	..	698
	ആകെ.	..	11298

കശുവണ്ടിത്തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിന് നടപടി

91 [1230] ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുവണ്ടിത്തൊഴിലാളി പെൻഷൻ വാങ്ങുന്ന എത്ര പേരുണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കശുവണ്ടിത്തൊഴിലാളികൾക്ക് എത്ര മാസത്തെ പെൻഷൻ കുടിശ്ശിക യുണ്ടെന്നും ഇത് കൊടുത്തു തീർക്കുന്നതിന് എന്തു തുക ആവശ്യമുണ്ടെന്നും വ്യക്ത മാക്കുമോ;

(സി) കശുവണ്ടിത്തൊഴിലാളി ക്ഷേമബോർഡിന് അംശദായ വിഹിതമായി സർക്കാർ എന്തു തുക നൽകാനുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) കശുവണ്ടിത്തൊഴിലാളി ക്ഷേമബോർഡിൽനിന്നും ഏതെങ്കിലും പൊതു മേഖലാ സ്ഥാപനങ്ങൾക്കോ സർക്കാർ സ്ഥാപനങ്ങൾക്കോ തുക നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ നൽകിയ തുകയുടെ വിവരവും നൽകിയ തീയതിയും കൈപ്പറ്റിയ സ്ഥാപനത്തിന്റെ പേരും വെളിപ്പെടുത്തുമോ;

(എഫ്) ഈ തുക തിരിച്ച് നൽകുകയുണ്ടായോ;

(ജി) ഇല്ലെങ്കിൽ ഈ തുക ബോർഡിന് തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(എച്ച്) കശുവണ്ടി തൊഴിലാളി പെൻഷൻ കുടിശ്ശിക തീർത്ത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽനിന്നും ക്ഷേമനിധി അംഗങ്ങളായി വിരമിച്ച 28,247 പേർക്കും ക്ഷേമനിധി നിയമം പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് വിരമിച്ച 12,220 പേർക്കും പെൻഷൻ നൽകിവരുന്നു.

(ബി) കേരള കശുവണ്ടിത്തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽനിന്നും ക്ഷേമനിധി അംഗങ്ങളായി വിരമിച്ചവർക്ക് നൽകിവരുന്ന പെൻഷൻ 2002 നവംബർ മുതൽ 2003 ഡിസംബർ വരെ 14 മാസത്തെ കുടിശ്ശികയുണ്ട്. ഈയിനത്തിൽ കുടിശ്ശിക തീർക്കുന്നതിന് 5,20,28,900 രൂപ ആവശ്യമുണ്ട്. കൂടാതെ ക്ഷേമനിധി നിയമം പ്രാബല്യ ത്തിൽ വരുന്നതിനുമുമ്പ് വിരമിച്ച തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ 2002 ഫെബ്രുവരി മുതൽ 2003 ഡിസംബർവരെ 23 മാസത്തെ കുടിശ്ശികയുണ്ട്. ഇത് കൊടുത്തു തീർക്കുന്നതിന് 3,66,22,900 രൂപ ആവശ്യമുണ്ട്.

(സി) കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അംശദായ വിഹിതമായി 1990-91 മുതൽ 2002-03 വരെ 6,97,09,876 രൂപ സർക്കാർ നൽകാനുണ്ട്.

(ഡി) ഉണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് ബോർഡിൽനിന്നും തുക നൽകിയിട്ടുണ്ട്.

(ഇ) കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് 96 ലക്ഷം രൂപ 10-8-1993-ൽ ബോർഡിൽനിന്നും വായ്പയായി നൽകിയിട്ടുണ്ട്.

(എഫ്) 96 ലക്ഷം രൂപയും 10-8-1993 മുതൽ 9-8-1996 വരെയുള്ള പലിശയും ചേർത്ത് 1,32,56,000 രൂപ ബോർഡിന് മടക്കി നൽകുന്നതിന് വ്യവസായ വകുപ്പിൽനിന്നും ഉത്തരവായെങ്കിലും ടി തുക ഇതുവരെയും ബോർഡിന് ലഭ്യമായിട്ടില്ല.

(ജി) നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) സർക്കാരിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്ന മുറയ്ക്ക് പെൻഷൻ കുടിശ്ശിക തീർത്തുനൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള കുടിയേറ്റ തൊഴിലാളികൾ

92 [1231] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് കുടിയേറ്റം നടത്തിയ തൊഴിലാളികളെ കേരളത്തിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിൽ പ്രോവിഡന്റ് ഫണ്ട്, ഇ.എസ്.ഐ. തുടങ്ങിയ നിയമാനുസൃത ആനുകൂല്യങ്ങൾ ബാധകമാക്കാതെ ജോലി ചെയ്യിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ട്, എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇത്തരം ചില ഒറ്റപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി നിയമവും മറ്റ് തൊഴിൽ നിയമങ്ങൾ പ്രകാരവും ആവശ്യമായ നടപടികൾ സ്വീകരിച്ച് പരാതികൾ പരിഹരിച്ചിട്ടുണ്ട്.

തടി വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി

93 [1232] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടി വ്യവസായ തൊഴിലാളികളുടെ മിനിമം കൂലി ഏറ്റവും ഒടുവിൽ പുതുക്കിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ മിനിമം കൂലി പുതുക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 1993-ൽ.

(ബി) ഉണ്ട്.

(സി) ടിംബർ-പ്ലൈവുഡ് വ്യവസായത്തിലെ തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുന്നതിൻമേലുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി 30-5-2001-ൽ 173/ഇ1/98/തൊഴിൽ നമ്പരായി പ്രാഥമിക വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അന്തിമ വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly